# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 5599/11/12/2025/**

പരാതികക്ഷി കമൽ രാജ് കെ എസ്,ബ്ലോക്ക് നമ്പർ.9
ജവഹർ കോളനി,പച്ച, പാലോട് തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 23.03.2026**

പരാതികക്ഷിയുടെ വസ്തുവിലേക്കുള്ള വഴി തങ്ങളുടെ പൂർവികരുടെ കാലം മുതൽ ഉപയോഗിച്ചു വരുന്നതാണെന്നും, ഈ വഴിയോട് ചേർന്ന വസ്തു അൽ ജബ്ബാർ എന്നയാളുടെ ഭാര്യ ഷമീറ യുടെ പേരിലുള്ളതാണെന്നും, ഷമീറയുടെ ഭർത്താവായ അൽ ജബ്ബാർ പോലീസ് വകുപ്പിൽ ഉയർന്ന ഉദ്യോഗസ്ഥൻ ആണെന്നും ടിയാന്റെ സ്വാധീനത്താൽ തങ്ങളുടെ വഴി തടസ്സപ്പെടുത്തുകയും, കളവായ പരാതികൾ പാലോട് പോലീസ് സ്റ്റേഷനിൽ നൽകി സമാധാനപരമായി തങ്ങളെ ജീവിക്കാൻ അനുവദിക്കുന്നില്ല എന്നും മറ്റുമാണ് പരാതി വിഷയം.

3. പരാതി വിഷയത്തിൽ പാലോട് പോലീസ് ഇൻസ്പെക്ടർ 06.10.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതിയിലെ എതിർകക്ഷിയായ ശ്രീ അബ്ദുൽ ജബ്ബാറിന്റെ ഭാര്യ ഷമീറ ടിയാന്റെ വസ്തുവിൽ അയൽവാസിയായ ശ്രീ കമൽരാജ് അതിക്രമിച്ച് കയറിയതായി കാണിച്ചു 11.07.2025 തീയതി പാലോട് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ പാലോട് പോലീസ് സ്റ്റേഷൻ ക്രൈം.740/2025 U/S 324,329(3) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും, പരാതികക്ഷിയോടോ കുടുംബത്തിനോടോ പോലീസ് മോശമായി പെരുമാറിയിട്ടില്ല എന്നും റിപ്പോർട്ടിൽ കാണുന്നു.

4. പരാതി പരിഗണനയ്ക്കെടുത്ത 23.03.2026 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. എതിർകക്ഷി അൽ ജബ്ബാർ പോലീസ് വകുപ്പിൽ ASP ആയാണ് ജോലി ചെയ്യുന്നതെന്നും അദ്ദേഹത്തിൻറെ സ്വാധീനം ഉപയോഗിച്ച് തനിക്കെതിരെ പാലോട് പോലീസ് സ്റ്റേഷനിൽ കള്ളക്കേസ് എടുക്കുന്നതായും, ഏകദേശം 100 വർഷത്തോളമായി തങ്ങളുടെ കുടുംബക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വഴിയെ കുറിച്ചാണ് തർക്കം ഉന്നയിക്കുന്നതെന്നും, തനിക്കും കുടുംബത്തിനും പോലീസ് സ്റ്റേഷനിൽ നിന്നും നീതി ലഭിക്കുന്നില്ല എന്നും മറ്റും ഹർജികക്ഷി ആക്ഷേപത്തിൽ പറയുകയുണ്ടായി.

5. കമ്മീഷൻ കേസ് വിശദമായി പരിശോധിച്ചു. വസ്തു സംബന്ധമായ തർക്കത്തിന്റെ പേരിലാണ് പരാതികക്ഷിക്ക് എതിരെ പാലോട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്തലമുറകളായി .

തങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വഴിയിൽ എതിർകക്ഷി തടസ്സം ഉന്നയിക്കുന്നതായി ഹർജികക്ഷി ആരോപിക്കുന്നു. എതിർകക്ഷിയായി പറയുന്ന വ്യക്തി പോലീസ് വകുപ്പിൽ DYSP റാങ്കിൽ ജോലിചെയ്യുന്ന വ്യക്തിയായതിനാൽ തനിക്ക് നീതി ലഭിക്കുന്നില്ല എന്ന പരാതികക്ഷിയുടെ ആക്ഷേപം പരിശോധിക്കേണ്ടതാണ്. ആയതിനാൽ പരാതികക്ഷി ഇത് സംബന്ധിച്ച വിശദമായ പരാതി ദക്ഷിണ മേഖല ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് നൽകുക. അപ്രകാരം പരാതി ലഭിച്ചാൽ സൂപ്രണ്ട് ഓഫ് പോലീസിന്റെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറെ ചുമതലപ്പെടുത്തി പ്രാഥമികമായ അന്വേഷണം നടത്തേണ്ടതും പരാതികക്ഷിയുടെയും ഭാര്യയുടെയും മറ്റു സ്വതന്ത്ര സാക്ഷികൾ ഉണ്ടെങ്കിൽ അവരുടെയും മൊഴിരേഖപ്പെടുത്തേണ്ടതുമാണ്. പാലോട് പോലീസ് സ്റ്റേഷൻ ക്രൈം.740/2025 നമ്പർ കേസിന്റെ സിഡി ഫയൽ പരിശോധിക്കേണ്ടതും കേസിൽ നിഷ്പക്ഷമായ അന്വേഷണം ആണോ നടക്കുന്നത് എന്ന് വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ എതിർകക്ഷിയിൽ നിന്നും പരാതികക്ഷിയുടെ കുടുംബത്തിന് ഭാവിയിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

- ഉത്തരവിൻെറ പകർപ്പ് ദക്ഷിണ മേഖല ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ